പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2806

10.12.2014 -ലെ മറുപടിയ്ക്ക്

## ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന ദുരിതം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) മഹാവീർ പ്ലാന്റേഷൻസിന്റെ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന ദുരിതം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽ പല തവണ കൊണ്ടു വന്നിട്ടും നടപടിയൊന്നും സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കുമോ; | (എ) മഹാവീർ പ്ലാന്റേഷൻസിന്റെ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഈ പ്രശ്നങ്ങൾ സംബന്ധിച്ച് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) മുമ്പാകെ ഉണ്ടായ ചർച്ചയിൽ മാനേജ്മെന്റും ബന്ധപ്പെട്ട തൊഴിലാളി യൂണിയനുകളും വിവിധ വ്യവസ്ഥകൾ പരസ്പരം അംഗീകരിച്ച് ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പായിട്ടുള്ളതാണ്. ഈ തർക്ക വിഷയത്തിന്മേൽ 19/11/2012 മുതൽ 10/10/2014 വരെയുള്ള കാലയളവിൽ ആകെ 16 അനുരഞ്ജന ചർച്ചകൾ നടത്തിയ ശേഷമാണ് ഇത്തരത്തിൽ ഒരു ഒത്തുതീർപ്പ് സാദ്ധ്യമായത്. നിരന്തര പരിശ്രമങ്ങളിലൂടെ നിരവധി ചർച്ചകൾക്കും അന്വേഷണങ്ങൾക്കും ശേഷം വളരെ ഉത്തരവാദിത്വത്തോടും നിയമാനുസൃതമായുമാണ് 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 12(3) പ്രകാരം മേൽ പ്രശ്നങ്ങൾ സംബന്ധിച്ച് സംസ്ഥാന കൺസിലിയേഷൻ ഓഫീസറായ അഡീഷണൽ ലേബർ കമ്മീഷണർ (ഐആർ) മുമ്പാകെ മാനേജ്മെന്റും തൊഴിലാളികളെ പ്രതിനിധീകരിച്ച് 10 ട്രേഡ് യൂണിയൻ ഭാരവാഹികളും പരസ്പരം സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പിലെ 1 മുതൽ 9 വരെയുള്ള വ്യവസ്ഥകൾ അംഗീകരിച്ച് ഒപ്പുവച്ചിട്ടുള്ളത്. ടി ഒത്തുതീർപ്പ് വ്യവസ്ഥ (1) പ്രകാരം തൊഴിലാളികൾ 23/10/2014 മുതൽ ജോലിയ്ക്ക് ഹാജരാവുമെന്ന് യൂണിയൻ പ്രതിനിധികൾ സമ്മതിച്ചിട്ടുള്ളതാണ്. കൂടാതെ എസ്റ്റേറ്റ് തുറന്ന് പ്രവർത്തനം നടക്കുന്ന |

സാഹചര്യത്തിൽ, പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള ആശ്വാസ നടപടികൾ നിയമാനുസൃതം കൈക്കൊണ്ടുവരുന്നു. ഇത്തരത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

(ബി) കഴിഞ്ഞ 41 മാസത്തിലധികമായി ശമ്പളമില്ലാതെ കഴിയുന്ന തൊഴിലാളികളുടെ ജീവൻ നിലനിർത്താൻ അടിയന്തിര സഹായം എത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പരിശോധിക്കുന്നതാണ്.

(സി) തോട്ടം ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുമോ?

(സി) പരിശോധിക്കാവുന്നതാണ്.

Harikumar

സെക്ഷൻ ഓഫീസർ